**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3766** **06-08-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലങ്കോട് കാർഷിക കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാന പട്ടികജാതി വകുപ്പിന് കീഴിൽ കൊല്ലങ്കോട് ആരംഭിക്കാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | പാലക്കാട് നെന്മാറയിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാല രജിസ്ട്രാറും, കൃഷിവകുപ്പ് ഡയറക്ടറുമായി 25/06/2019 ന് കൂടിയ യോഗ നടപടി കുറിപ്പ് പ്രകാരം, നിർദ്ദിഷ്ട സ്ഥലങ്ങൾ പരിശോധന നടത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കായി വസ്തു സംബന്ധിച്ച വിവരങ്ങൾ Requisition Form IIൽ ശേഖരിച്ച് ലഭ്യമാക്കാൻ കാർഷിക സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ കൊല്ലങ്കോട് എഡ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള പ്രസ്തുത ഭൂസ്വത്തുക്കൾ, ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലാണെന്ന് കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിരുന്നു. അതോടൊപ്പം കൊല്ലങ്കോട് എഡ്യുക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റ്, 'സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ' 6.7 കോടി രൂപയുടെ defaulter ആയിട്ടുള്ളതിനാൽ SARFAESI ACT പ്രകാരം ടി സ്ഥാപനത്തിന്റെ കൈവശ ഉടമസ്ഥാവകാശം എസ്.ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ളതായി എസ്.ബി.ഐ എറണാകുളം റിക്കവറി ബ്രാഞ്ച് അറിയിച്ചിട്ടുണ്ടെന്നും കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിരുന്നു. മേൽ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ അവസാന ബജറ്റിൽ കൊല്ലങ്കോട് കാർഷിക കോളേജിന് എത്ര തുകയാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ; | (ബി) | പ്രത്യേക സ്കീമായി തുക വകയിരുത്തിയിരുന്നില്ല. |
| (സി) | കോളേജുകൾ ഒന്നും തന്നെയില്ലാത്ത നെന്മാറ നിയോജക മണ്ഡലത്തിലുള്ള ഈ കോളേജിന്റെ | (സി) | ഭൂമി ഏറ്റെടുക്കുന്നതിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് കോളേജിന്റെ നിർമ്മാണവും |

| | | | |
|---|---|---|---|
| | പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ? | | പ്രവർത്തനവും സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ